# എറണാകുളം മിസ്സം
# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 2 February 2022 Rs. 15/-





www.ernakulamarchdiocese.org


തലശ്ശേരി അതിരൂപത
മെത്രാപ്പോലീത്തയായി
നിയമിതനായ
മാർ ജോസഫ് പാംപ്ലാനി
പിതാവിനും
പാലക്കാട് രൂപതയുടെ
മെത്രാനായി നിയമിതനായ
മാർ പീറ്റർ കൊച്ചുപുരയ്ക്കൽ
പിതാവിനും
എറണാകുളം-അങ്കമാലി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 65 Issue No. 2 February 2022 Rs. 15/-


## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | 30-ാമത് സീറോമലബാർ ബിഷപ്സ് സിനഡാനന്തര സർക്കുലർ |
| 14. | പ്രസ്താവന - ജനാഭിമുഖ കുർബാന |
| 16. | രോഗീദിന സന്ദേശം (K.C.B.C.) |
| 22. | കേരള സഭാനവീകരണം 2022-2025(K.C.B.C.) |
| 26. | തിരുബാലസഖ്യദിനം (K.C.B.C.) |
| 32. | Engagements |
| 33. | കച്ചേരിക്കാര്യം |
| 35. | Transfers/Appointments |
| 40. | നിര്യാതരായി |
| 42. | വാർത്തകളും വിശേഷങ്ങളും |
| 43. | Metropolitan Tribunal |
| 44. | Department of Catechesis |
| 46. | Department of Evangelization |
| 47. | Department of Family Apostolate |
| 48. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 52. | AICO |
| 53. | Department of Bible Apostolate |
| 55. | നൈപുണ്യ ഇന്റർനാഷണൽ |
| 57. | അതിരൂപതാ ഡയറി |



**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kurisumkal John, Muttuchira | 1893 | 1921 | 1-2-1947 |
| Fr. Myalil Thomas, Keechery | 1948 | 1977 | 2-2-2004 |
| Fr. Manavalan Paul, Elavoor (Kunnel) | 1935 | 1963 | 2-2-2018 |
| Fr. Thekkumthala Kunjouseph, Koratty | | | 3-2-1927 |
| Msgr. Vattoly Paul, Kadukutty | 1906 | 1937 | 6-2-1997 |
| Fr. Elamkuttuchira Joseph, Vaikom | 1897 | 1930 | 8-2-1964 |
| Fr. Thachil Francis, Kuthiathodu | 1911 | 1939 | 8-2-1983 |
| Fr. Kakkattuchira Jacob, Kokkamangalam | 1938 | 1964 | 9-2-2015 |
| Msgr. Moothedan Thomas, Meloor | 1911 | 1940 | 11-2-1985 |
| Fr. Pathiamoola Gheevarghese, Pallipuram | 1891 | 1920 | 12-2-1963 |
| Fr. Koikara Dominic, Kanjoor | 1909 | 1937 | 14-2-1966 |
| Fr. Putharikal Mathew, Ernakulam | 1883 | | 17-2-1956 |
| Fr. Moonjely Thomas TOCD, Chakkarakadavu | 1849 | 1872 | 18-2-1893 |
| Fr. Painadeth Valiya Joseph, Karukutty | 1872 | 1899 | 18-2-1948 |
| Fr. Parayil Jacob, Kudavechoor | 1924 | 1952 | 19-2-2005 |
| Mar Joseph Cardinal Parecattil, Kidangoor | 1912 | 1939 | 20-2-1987 |
| Fr. Manjaly Thomas, Kanjoor | 1880 | 1909 | 21-2-1936 |
| Fr. Kalarikal Geevarghese, Chalil | 1887 | 1915 | 21-2-1963 |
| Fr. Payyappilly Kuriakose, Kanjoor | 1880 | 1909 | 22-2-1940 |
| Fr. Karathuruthil Paul, Valamangalam | 1939 | 1969 | 22-2-2020 |
| Fr. Kandathil Kuriakose, Chembu | 1893 | 1923 | 24-2-1989 |
| Fr. Panapally Joseph, Kudavechoor | 1928 | 1955 | 24-2-2001 |
| Fr. Kachappilly Martin, S. Champanur | 1968 | 1993 | 25-2-1995 |
| Fr. Vettikkappilly Kuriakose, Vaikom | 1878 | 1902 | 26-2-1947 |
| Fr. Pynadath Sebastian, Karukutty | 1948 | 1973 | 27-2-2021 |
| Fr. Arackaparambil Isaac, Muttom | 1903 | 1933 | 28-2-1960 |
| Fr. Thachil Francis, N. Kuthiathode (Old) | 1934 | 1961 | 28-2-2017 |

Prot. No. 0041/2022

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർ സഭയുടെ
മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും
എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടു വർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാ

ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതുനൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവ വിശ്വാസികളും അവരുടെസ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെസത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

## രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15-ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്. പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃകയാണ് ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

## പ്രേഷിത പ്രവർത്തനം

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല

സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെസന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലന ത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെപ്രഘോഷണവും ജീവിത സാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിതമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭ യുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽനാമെല്ലാം സഹോദര ങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോ യുടെസുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈതന്യ ത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുര സേവന, ജീവകാരുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത്സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും

സർക്കാർ ഏജൻസികൾ നല്കുന്ന മാർ?ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ്കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ്മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

### കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്ര

സർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

**ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ**

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതരസമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാരംഗങ്ങളിലും

പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു തിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമ പദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെസിനഡ്, പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത്ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെകൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെപാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപത

യിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ്കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാ പാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ച പ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡു പിതാക്കൻമാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത്സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരി

ക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയ ങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്ന താണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരി ക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിത മാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാ ക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷ ങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാര ണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായമെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മന ത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാ പദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനു ഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോ

ടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെകൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

.................................

ഈ സർക്കുലർ 2022 ജനുവരി 30-ാം തീയതിഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേവായിക്കേണ്ടതാണ്.

# പ്രസ്താവന

**20-01-2022**

2021 നവംബർ 28 മുതൽ സീറോമലബാർ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പിക്കണമെന്ന സിനഡു തീരുമാനം എറണാകുളം-അങ്കമാലി അതിരൂപതയിൽ സൃഷ്ടിച്ച ഗുരുതരമായ അജപാലനപ്രശ്നങ്ങൾ ഞാൻ റോമിൽ പോയി നേരിട്ട് ഫ്രാൻസിസ് മാർപാപ്പയുടെയും ഓറിയന്റൽ കോൺഗ്രിഗേഷന്റെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാർപാപ്പയുടെ നിർദ്ദേശമനുസരിച്ച് പൗരസ്ത്യ തിരുസംഘാധ്യക്ഷൻ കാർഡിനൽ ലെയനാർദോ സാന്ദ്രി, ഇത്തരം സാഹചര്യങ്ങളിൽ കാനൻ 1538 പ്രകാരം ഒഴിവ് നൽകാനുള്ള അധികാരം പ്രയോഗിക്കാമെന്ന് കത്തു മുഖേന എന്നെ അറിയിച്ചു. അതിന്റെ വെളിച്ചത്തിലാണ് അതിരൂപത മുഴുവനും നിലനിന്നിരുന്ന അജപാലന പ്രതിസന്ധി പരിഹരിക്കാനായി 2021 നവംബർ 27-ാം തീയതി അതിരൂപതയ്ക്കു മുഴുവനും സിനഡ് തീരുമാനപ്രകാരമുള്ള കുർബാനയർപ്പണ രീതിയിൽ നിന്നും കാനോനിക നിയമം 1538 പ്രകാരം ഒഴിവു നല്കി കൊണ്ടുള്ള സർക്കുലർ ഞാൻ അയച്ചത്. എന്നാൽ 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും, പ്രസ്തുത നിയമമനുസരിച്ച് അതിരൂപത മുഴുവൻ ഒഴിവു നൽകിയതിന്റെ പരിമിതിയെ സൂചിപ്പിച്ചുകൊണ്ട് കാർഡിനൽ ലെയനാർദോ സാന്ദ്രി എനിക്കു കത്തു നൽകുകയുണ്ടായി.

2022 ജനുവരിയിലെ സിനഡ് ഈ നിയമമനുസരിച്ചുള്ള ഒഴിവ് അതിരൂപത മുഴുവൻ പ്രയോഗിക്കുന്നതിന്റെ നിയമപരമായ പരിമിതിയെപ്പറ്റി പ്രസ്താവിക്കുകയും ഈ ഒഴിവ് അതിരൂപത മുഴുവൻ പ്രാബല്യത്തിലാക്കിയത് ഒരു പുതിയ സർക്കുലർ വഴി പരിമിതപ്പെടുത്താൻ എന്നോട് ആവശ്യപ്പെടുകയും ഞാൻ അതു സമ്മതിക്കുകയും ചെയ്തു. എന്നാൽ, സിനഡ് അവസാനിക്കുന്നതിനു മുൻപേ അതിരൂപതയിൽ അജപാലന പ്രതിസന്ധികൾ രൂക്ഷമായി. ബ. ബാബു കളത്തിൽ, ബ. ടോം മുള്ളൻച്ചിറ എന്നീ വൈദികരും പ്രകാശ് പി. ജോൺ, എൻ. ഒ. തോമസ് എന്നീ അല്മായ നേതാക്കളും നിരാഹാര സത്യഗ്രഹം ആരംഭിച്ചു. ഇതിനിടയിൽ ഇടവകകളിൽ വൈദികരും വിശ്വാസിസമൂഹവും ജനാഭിമുഖ ബലിയർപ്പണമല്ലാതെ മറ്റൊരു അർപ്പണരീതി സ്വീകരിക്കുകയില്ലായെന്ന് പരസ്യമായി പ്രതിജ്ഞയെടുക്കുകയും ചെയ്തു. കോവിഡ് സാഹചര്യമായിട്ടുപോലും, നിരാഹാരമനുഷ്ഠിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് അതിരൂപതയിലെ ബഹുഭൂരിപക്ഷം ഇടവകകളിൽ നിന്നും വൈദികരും ജനങ്ങളും അരമനയിൽ വന്നുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ ഒമ്പതു ദിവസങ്ങളായി തുടരുന്ന നിരാഹാരസമരം ഗുരുതരമായ മനുഷ്യാവകാശപ്രശ്നങ്ങളിലേക്കു കൂടി കടക്കുന്ന സാഹചര്യത്തിൽ സമരം അവസാനിപ്പിക്കണമെന്ന എന്റെ നിരന്തരമായ നിർദ്ദേശം വൈദികരും അല്മായരും പരിഗണിച്ചില്ല. സിനഡ് കുർബാന നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്ന സർക്കുലർ ഇറക്കാതിരിക്കുക, ജനാഭിമുഖ കുർബാന അതിരൂപതയിൽ നിയമാനുസൃതമാക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിക്കുംവരെ നിരാഹാരം തുടരുമെന്നാണ് അവർ എന്നോട് തീർത്തു പറഞ്ഞത്. നിരാഹാരമനുഷ്ഠിക്കുവരുടെ ജീവനെ മാനിച്ചും അതിരൂപതയുടെ പൊതുവികാരം മനസ്സിലാക്കിയും അജപാലന പ്രതിസന്ധി പരിഗണിച്ചും സിനഡ് നിർദ്ദേശമനുസരിച്ചുള്ള കുർബാനയർപ്പണ രീതി നടപ്പിലാക്കണം എന്ന സർക്കുലർ ഈ അതിരൂപതയിൽ പ്രാബല്യത്തിലാക്കുവാൻ സാധിക്കുകയില്ല എന്നു ഞാൻ തിരിച്ചറിയുന്നു. സിനഡിനു ശേഷം രൂപംകൊണ്ട അപ്രതീക്ഷിതവും ഗുരുതരവുമായ ഈ സാഹചര്യം മേജർ ആർച്ച്ബിഷപ്പിനെ ഞാൻ നേരിട്ടും പെർമനന്റ് സിനഡ് അംഗങ്ങളെ ഓൺലൈനിലും അറിയിച്ചു. നിരാഹാരത്തിന്റെയോ അതുവഴി സംഭവിച്ചേക്കാവുന്ന ജീവഹാനിയുടെയോ ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കേണ്ടി വരുമെന്ന് ഞാൻ മനസ്സിലാക്കുന്നു. 2022 ജനുവരി 7-ന് കാർഡിനൽ ലെയനാർദോ സാന്ദ്രി എനിക്ക് അയച്ച കത്തിന്, 2022 ജനുവരി 18-ന് ഞാൻ മറുപടി അയച്ചിട്ടുണ്ട്. സിനഡ് നിർദ്ദേശിച്ച പ്രകാരമുള്ള സർക്കുലർ ഇറക്കുന്നത് ഇപ്പോഴത്തെ ഗുരുതര സാഹചര്യത്തിൽ എന്റെ മനസ്സാക്ഷിക്ക് വിരുദ്ധമാണെന്ന ബോധ്യവും അജപാലനപരമായി അനുചിതമായിരിക്കുമെന്നും സെക്രട്ടറി ഓഫ് സ്റ്റേറ്റ് കാർഡിനൽ പീറ്റർ പരോളിനെയും അപ്പസ്തോലിക് ന്യുൺഷ്യോ ആർച്ച്ബിഷപ്പ് ലെയോപോൾഡ് ജിറെല്ലിയെയും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ഗൗരവമായ അജപാലന പ്രതിസന്ധി പരിഗണിച്ച് സിനഡ് ആവശ്യപ്പെട്ട പുതിയ സർക്കുലർ പുറപ്പെടുവിക്കാൻ നിർവാഹമില്ല. അതിനാൽ അതിരൂപത മുഴുവൻ തുടരുന്ന ജനാഭിമുഖ കുർബാനയർപ്പണരീതി നിലനില്ക്കുന്നതാണെന്നും ഞാൻ അറിയിക്കുന്നു. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനുള്ള നടപടിയുമായി ഞാൻ മുന്നോട്ടു പോകുന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ നിരാഹാര സമരത്തിൽ നിന്നും ബഹുമാനപ്പെട്ട വൈദികരും അല്മായരും പിന്മാറണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**മാർ ആന്റണി കരിയിൽ**
**മെത്രാപ്പോലീത്തൻ വികാരി**
**എറണാകുളം-അങ്കമാലി അതിരൂപത**

Ref: 3630 /K-5/KCBC/OL/DS 17.01.2022

# 30-ാമത് ലോക രോഗീദിനം

**ഫെബ്രുവരി 11, 2022**

*''നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ''* (ലൂക്കാ 6:36).

ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.

പ്രിയ സഹോദരീസഹോദരന്മാരേ,

30 വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ്-19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെക്വിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

## 1. പിതാവിനെപ്പോലെ കരുണാമയൻ

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, ''നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരി ക്കുന്നതുപോലെ നിങ്ങളും അനു

കമ്പയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന പ്രമേയം "കരുണാ സമ്പന്നനായ" (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രതയോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**2. യേശു, പിതാവിന്റെ കരുണാഭാവം**

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമ സാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാരമൊരു ഉത്തരം നല്കുന്നു: "വേദന ഒരാളെ പൂർണമായും ഒറ്റപ്പെടുത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥിക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു." വ്യക്തികൾ രോഗംമൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ

അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർഥംതേടൽ അടിയന്തിരപ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ - അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെയാണു ചെലവിട്ടതെങ്കിലും - നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

### 3. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവും കൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിതദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികിത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്ന

തിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവന്റെയും അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠകളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിന്റെയും സാമീപ്യത്തിന്റെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നല്കുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

**4. ശുശ്രൂഷാകേന്ദ്രങ്ങൾ "കരുണയുടെ ഭവനങ്ങൾ" ആകുമ്പോൾ**

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിന്റെ ഭാഗമായി അസംഖ്യം "നല്ല സമറിയാക്കാരന്റെ സത്രങ്ങൾ'' തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്രത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ വിലകൊടുക്കുന്നവർ. പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരുന്നുകൊണ്ട് അസംഖ്യം മിഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപത്രികളും ചികത്സാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും

ദരിദ്രമായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗകര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികിത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്രരാഷ്ട്രങ്ങളിൽ കോവിഡ്-19ന് എതിരേയുള്ള കുത്തിവയ്പുസാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ അതിലുപരി, ലളിതമായ മരുന്നുകൾകൊണ്ട് ചികത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും ഇപ്രകാരമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവച്ചു പ്രവർത്തിക്കുന്നു. “പ്രയോജനരഹിതത്വത്തിന്റെ സംസ്കാരം” (culture of waste) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, “ദയാഭവനങ്ങൾ” പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും - അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ - മാതൃകാപരമായവയാണ്.

**5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും**

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യ

പരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ – ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ – അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? “ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു” (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും “രോഗികളുടെ ആരോഗ്യമായ” മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; “കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട്” രോഗികളോട് ഉത്തമമായ പരിചരണവും അതോടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

എല്ലാവർക്കും ഞാൻ ഹാർദമായി എന്റെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.

**ഫ്രാൻസിസ് പാപ്പാ**

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം
10 ഡിസംബർ 2021
ലൊറേറ്റോയിലെ മാതാവിന്റെ സ്മരണാദിനം

Ref: 3627 /K-5/KCBC/OL/DS 19.01.2022

# കേരള സഭാനവീകരണം 2022-2025

## കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിന്റെയും പുതിയനാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെ.സി.ബി.സി. യുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

### സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കേരളസഭാനവീകരണത്തിന് കെ.സി.ബി.സി. സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം "സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസുകാർക്കെഴുതിയ ലേഖനം 2:20-22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

''അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല്

ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതികശരീരവും ദൈവത്തിന്റെ ഭവനവുമായി പരിശുദ്ധാത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

### എന്റെ സഭ, എന്റെ ഭവനം

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യം വഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏകശരീരമായിത്തീരുന്നു (1 കോറി 12:12-26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തുവിശ്വാസിയുടെ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭ

യോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്ര മാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

**നവീകരണമേഖലകളും പ്രക്രിയകളും**

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, ' സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾ ക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്ക വിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിതചൈതന്യത്തിൽ വളർന്നു വരാനും സഹായിക്കുന്ന വിധമാകണം വിശ്വാസപരിശീലനം. വൈദിക-സന്ന്യസ്ത-അല്മായ-യുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചനപ്രഘോഷണം കൂദാശകളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (1കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിലും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായ ഉത്തര

വാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായ ങ്ങളോടും സഭ എന്നും പുലർത്തിപോന്നിട്ടുള്ള സാഹോദര്യത്തിന്റെ യും സംവാദത്തിന്റെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെ ടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെ.സി.ബി.സി. പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെ.സി.ബി.സി. വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെ.സി.ബി.സി. സെക്രട്ടറി ജനറൽ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

Ref: 3628 /K-5/KCBC/OL/DS 20.01.2022

# 2022 ഫെബ്രുവരി 13 തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സ ലമക്കളേ,

കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടിക ളുടെ സംഘടനയാണ് തിരുബാലസഖ്യം. ഫ്രാൻസിലെ നാൻസി രൂപ തയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് 1843-ൽ തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ്

പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും, 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

### സിനഡും കുട്ടികളും

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കപ്രക്രിയ വളരെ വിപുലമായ രീതിയിൽ നടക്കുന്ന ദിനങ്ങളാണിത്. "സിനഡാത്മകസഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം" എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയും കൂടിയാലോചനകൾ നടത്തുന്ന ഈ അവസരത്തിൽ ഈ സിനഡൽ പ്രക്രിയയിൽ കുട്ടികളുടെ മൂല്യവും പങ്കും തിരിച്ചറിയേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സിനഡാത്മകപ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാനസ്നാനം സ്വീകരിച്ച സകലരെയും പാപ്പ ക്ഷണിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് രൂപതാതലത്തിന്റെ ഉദ്ദേശ്യം. പുറന്തള്ളപ്പെടാൻ സാധ്യതയുള്ളവരായവരെ - സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവിക്കുന്നവർ, അപൂർവ്വമായി മാത്രമോ നാമമാത്രമായോ വിശ്വാസജീവിതമുള്ള കത്തോലിക്കർ തുടങ്ങിയവരെ - പങ്കെടുപ്പിക്കാൻ പ്രത്യേകശ്രദ്ധ പുലർത്തണം എന്നും കുട്ടികളെയും യുവജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗാത്മകമായ വഴികൾ കണ്ടെത്തണം എന്നും സിനഡിന്റെ ആമുഖരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണമായിട്ടാണ് സിനഡാത്മക പ്രക്രിയ അവതരിപ്പിക്കപ്പെടുന്നത്. പരസ്പരം ശ്രവിക്കലും വിവേചിച്ചറിയലും പങ്കാളിത്തവുമാണ് ഇതിന്റെ മുഖമുദ്ര. സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവികസ്വരം തിരിച്ചറിയുകയാണ്; അതിനുള്ള മാർഗ്ഗം എല്ലാവരുടെയും പങ്കാളിത്തമാണ്. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാന

ങ്ങൾക്കും ആഴവും വിശാലതയും കൈവരുക. എല്ലാത്തരത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഒരുപക്ഷേ നമ്മൾ നിസ്സാരരെന്ന് കരുതുന്നവരിലൂടെയാകും ദൈവം നമ്മോട് സംസാരിക്കുക. ഇവിടെയാണ് കുട്ടികളുടെയും യുവാക്കളുടെയും പ്രാധാന്യം.

പരസ്പരം ഉള്ളുതുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ടുപോകുന്നതിലൂടെയാണ് ഒരു സിനഡൽ അനുഭവം നമുക്ക് ലഭിക്കുക. ഇത് നമ്മുടെ കുടുംബങ്ങളിൽ ആദ്യം നടക്കണം. കുട്ടികൾക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും സംസാരിക്കാൻ അവസരം കൊടുക്കുകയും അവരെ എളിമയോടെ ശ്രവിക്കാൻ മുതിർന്നവർ തയ്യാറാവുകയും വേണം. മുൻവിധികളില്ലാതെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും നമുക്ക് കഴിയണം. അതുപോലെതന്നെ കുട്ടികളും തങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശ്രവിക്കുവാൻ ഔദാര്യം കാണിക്കണം. കുട്ടികൾ എന്ന നിലയിൽ നല്കുന്ന പരിഗണനകളും പ്രത്യേക സ്വാതന്ത്ര്യവും ദുരുപയോഗിക്കുവാൻ പാടുള്ളതല്ല. നമ്മുടെ മാതാപിതാക്കളെയോ കുടുംബാംഗങ്ങളെയോ മുൾമുനയിൽ നിർത്തുന്ന ഒന്നും ദൈവപൈതലിന് ചേരാത്തതാണ്. ഇന്നലെകളിൽ കണ്ടുമുട്ടിയ ചിലരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി മാതാപിതാക്കളെ തള്ളിപ്പറയുന്ന അവസ്ഥ ഏറെ സങ്കടകരമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് ചെറിയ ചെറിയ ദൗത്യങ്ങൾ കുട്ടികളെ ഏല്പിച്ച് അവരെ പങ്കാളിത്തമനോഭാവത്തിൽ വളർത്തണം. അങ്ങനെ ത്യാഗപൂർണമായ മനസ്സോടെ മറ്റുള്ളവരിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിച്ചെല്ലാനുള്ള പ്രേഷിതമനോഭാവം അവരിൽ വളർത്താൻ കഴിയും.

### ദൈവവിളി പ്രോത്സാഹനം

ഈ കൊറോണക്കാലത്ത് ദൈവവിളി പ്രോത്സാഹനത്തിനുള്ള സാധാരണ മാർഗ്ഗങ്ങളായ ദൈവവിളി ക്യാമ്പുകളും ഗൃഹസന്ദർശനവും നടത്താൻ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് മാതാപിതാക്കളും മതാദ്ധ്യാപകരും സാധിക്കുന്ന രീതിയിൽ ദൈവവിളി പ്രോത്സാഹനത്തിന് മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള കുട്ടികളുടെ ആഭിമുഖ്യങ്ങളെ തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നല്കി

ദൈവപദ്ധതിക്ക് കീഴ്പ്പെടുന്നതാണ് അനുഗ്രഹം. “കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്” എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. “ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ,” എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

## തിരുബാലസഖ്യത്തിന്റെ പ്രാധാന്യം

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽപോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമ സംസ്കാരവും ഈ മഹാമാരിക്കാലത്തെ പ്രത്യേക സാഹചര്യങ്ങളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസപൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ, നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

“കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ” എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണത്തിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യം പ്രവർത്തിക്കുന്നു. നമ്മുടെ ഇടവകയിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ

കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്ന് നിൽക്കുവാൻ പ്രേരിപ്പിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും ലഹരിയും വളരുന്ന ഈ കാലഘട്ടത്തിൽ സഹവർത്തിത്ത്വത്തിന്റെ പാതയിലൂടെ ചരിക്കാനും വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും കുട്ടികളെ നമുക്ക് സഹായിക്കാം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞങ്ങൾ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

# അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവിന്റെ

## 35–ാം ചരമവാർഷികം


### ഫെബ്രുവരി 20



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ **കർദിനാൾ ജോസഫ് പാറേക്കാട്ടിൽ** പിതാവിന്റെ ചരമവാർഷിക ദിനമായ ഫെബ്രുവരി 20–ാം തീയതി ഞായറാഴ്ച ആയതിനാൽ, പിറ്റേന്ന് തിങ്കളാഴ്ച വൈകുന്നേരം 6.00–ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ഹൊർമീസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## FEBRUARY 2022

| | | | |
|---|---|---|---|
| 02 | pm | Cherthala (ASMI Generalate) | Foundation stone laying of Convent & Greengardens Hospital |
| 02 | pm | Thaicattussery | Church Feast Holy Mass |
| 12 | am | Pushpagiri | Golden Jubilee Celebration of Fr. Chunkan CMI |
| 12 | pm | S.H. Minor Seminary | Parents Day |
| 13 | am | Alangad Kunnel | Church Feast Holy Mass |
| 20 | pm | S.H. Minor Seminary | Home Day Celebrations |
| 24 | pm | Pazhanganad | Parish Hall Blessing |
| 26 | am | Thrikkakara | BPS Convent, Final Vow - Holy Mass |

* * * * *

# കച്ചേരിക്കാര്യം

## ഇൻകം ടാക്സ് റിട്ടേൺ

2020-2021 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ഇൻകം ടാക്സ് റിട്ടേൺ ഇനിയും സമർപ്പിച്ചിട്ടില്ലാത്ത പള്ളികൾക്കും സ്ഥാപനങ്ങൾക്കും ഒരവസരം കൂടി ലഭിച്ചിരിക്കുകയാണ്. **2022 ഫെബ്രുവരി 15**-നകം ഓഡിറ്റ് റിപ്പോർട്ടും റിട്ടേണും ഓൺലൈൻ ആയി സമർപ്പിച്ച് ഭീമമായ നികുതി ബാദ്ധ്യതയിൽ നിന്ന് ഒഴിവാകുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ബ. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തുന്നു.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ**
**അതിരൂപതാ ഫിനാൻസ് ഓഫീസർ**

## അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്നും മലയാളം വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. ബിന്റോ കിലുക്കൻ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: 'പരിസ്ഥിതി ദർശനത്തിലെ ക്രൈസ്തവ പ്രതിനിധാനങ്ങൾ ഒ.എൻ.വി. യുടെയും സുഗതകുമാരിയുടെയും കവിതകളെ മുൻനിർത്തിയുള്ള പഠനം.'

## അമ്പതുനോമ്പാചരണം

ഈ വർഷം അമ്പതുനോമ്പ് ആരംഭിക്കുന്നത് **ഫെബ്രുവരി** 27-ാം തീയതി ഞായറാഴ്ച പാതിരാ മുതലാണ്.

## വിവാഹാശീർവ്വാദം

സഭയുടെ പാരമ്പര്യം അനുസരിച്ചും നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം നിലനിറുത്തിയും വലിയനോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ വലിയശനി ഉൾപ്പെടെയുള്ള ദിവസങ്ങളിലും വിവാഹാശീർവ്വാദം പൊതുവേ അനുവദനീയമല്ല (*അതിരൂപതാ നിയമസംഹിത 2009,* 149, പേജ് 144). വളരെ അത്യാവശ്യവും ഗൗരവവുമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നോമ്പുകാലത്ത് വിവാഹം നടത്താൻ അനുവാദത്തിന് അപേക്ഷിക്കാവൂ. ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. നോമ്പിൽ നടത്തുന്ന മനസ്സമ്മതങ്ങളും നോമ്പിന്റെ ചൈതന്യത്തിനു തടസ്സം വരുത്താത്ത വിധത്തിലായിരിക്കുവാൻ ശ്രദ്ധിക്കണമെന്നുകൂടി ജനങ്ങളെ യഥാസമയം അറിയിക്കേണ്ടതാണ്.

**നോമ്പിലെ ഞായറാഴ്ചകളിലും ഓശാന ഞായർ മുതൽ ഉയിർപ്പു ഞായർ വരെയുള്ള ദിവസങ്ങളിലും ഒരു കാരണവശാലും വിവാഹാശീർവ്വാദം നടത്താൻ അനുവദിക്കുന്നതല്ല.**

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്, എറണാകുളം-അങ്കമാലി അതിരൂപത**

# Transfers/Appointments

## (Already Effected)

**Rev. Fathers**

### September 2021

| | |
|---|---|
| Kareemadom Alex | Judge - Metropolitan Tribunal |
| Koluthuvally Raphael (Jaison) | Evangelization Dir. (Addl.) continues |
| Kozhikkadan Joseph | Nayathode - Acting Vicar |
| Maliyekkal Antony (Tony) | Viani Asst. Manager (Addl.) |
| Thadathil Jinu (Joseph) HGN | Relieved - Ayathupady Asst. |

### October 2021

| | |
|---|---|
| Pulickakunnel Joseph (Joby) (Idukki) | Konthuruthy (Resi.) |

### November 2021

| | |
|---|---|
| Elamthurithiyil Albin RCJ | Relieved - Thycattussery - Help |
| Kizhakkettam Sebastian | Thycattussery - Help |
| Panjickal Shijo CMI (Mysuru) | Relieved - Akaparambu Asst. |
| Vadakkemuriyil George MCBS | Akaparambu Asst. |

### December 2021

| | |
|---|---|
| Edassery Mathew | Medical Leave (Relieved - Konthuruthy) |
| Karachira Jose | CSN Retreat Centre, Karukutty Sp. Dir. (Addl.) |
| Koikkara Antony (Binto) | Study - Switzerland |
| Kottakkal Antony (Tony) | Relieved - CSN Retreat Centre, Karukutty Sp. Dir. (Addl.) |
| Manickathan Xavier (Dino) | Study - France |
| Padippurackal Luke CSC | Relieved - Ernakulam Adoration Chapel - Chaplain |

| | |
|---|---|
| Pulickakunnel Joseph (Joby) (Idukki) | Konthuruthy Asst. |
| Pynadath Thomas | Konthuruthy (Relieved - L.F. Angamaly) |
| Vazhappilly Sebastian | Mallussery, Acting Vicar |

## January 2022

| | |
|---|---|
| Kodakkathanathu Shijo VC | Relieved - Thrineyamkudom (T.V.Puram) |
| Manavalan Tharian (Praveen) | Pukkattupady - Pro Vicar (Addl.) |
| Theckanath Sebastian OFM Cap. | Angamaly Asst |

## January 29, 2022 (Assistants)

| | |
|---|---|
| Alakkadan Peter | Asokapuram |
| Appadan Antony (Akhil) | Koratty |
| Arampilly Paul (Jismon) | North Paravur (Kottakavu) |
| Cheerakathil Thomas (Sinto) | Edappally |
| Cheriyampurath Thomas Chacko MCBS | Kanjoor (Parathetta) |
| Chirackal Xavier (Abin) | Thalayolaparambu |
| Edassery Antony (Akhil) | Pallippuram |
| Edassery Antony (Ebin) | North Thuravoor |
| Elanjithara Tobin CMI Kochi | Kalamassery |
| Enchakattumannil Mathew (Jessab) | Nadel |
| Jins John SDB | Muringoor (Jan. 20 to May 20, 2022) |
| Kachirackal Mathew (Martin) | Vallam |
| Kalapurackal Joseph (Abin) | Ezhupunna |
| Kallookadan Michael (Bagio) | Kidangoor |
| Kannambilly Joseph (Sanjo) | Asst. Dir. Family Apostolate |
| Kattakkakathoottu Antony (Bony) | Pulluvazhy |
| Kavalippadan Varkey (Jithin) | Malayattoor |
| Kochuparambil Abilash SDB | Pazhanganad (Jan.7 to May 20, 2022) |
| Kottoor Jose (Freddy) | Kanjoor |
| Kunnel Joseph (Vinu) | Manjapra |
| Kurickavelichira Antony (Jithu) | Koodalappad |

| | |
|---|---|
| Maliakal Varkey (Athul) | Ayathupady |
| Meembamthanathu Stephen (Dibin) | Edakkunnu |
| Menachery Varghese (Akhil) | Koratty |
| Moleth Ronald Isch | Mattoor (Feb. 20, 2022) |
| Mulavarickal Joseph (Don) | Elamkulam |
| Mulavarickal Joseph (Nelbin) | Poonithura |
| Mulavarickal Ouseph (Nikhil) | Meloor |
| Mulavarickal Varghese (Bibin) | Kizhakkambalam |
| Naduparambil Mathew (Anson) | Cheranalloor E. |
| Naduvathusery Antony | Vaikom |
| Njavarakkattu Augustine (Jithin) | Naduvattam |
| Padayatty Antony (Nikhil) | Chunangamvely |
| Palachuvattil Cyril (Jence) | Aluva |
| Pallippattu Joseph (Jith) | Narakkal |
| Pallippattu Paul (Nikhil) | Elavoor (St. Antony) |
| Panatt Xavier (Binoy) | Ernakulam |
| Panavelil James | Thripunithura + Light of Truth (Asst. Editor) |
| Pandiyamkkal Jobish SDV | Palarivattam (Feb. 09, 2022) |
| Paradiyil John (Johny) Jose HGN | Kokkunnu |
| Pozholiparambil Jacob (Jeff) | Mookkannoor |
| Thachil Fidel SDB | Anappara (Jan.20 to May 20, 2022) |
| Therully Thomas (Arun) | Angamaly |
| Thettayil Antony (John Paul) | Edappally |
| Thettayil Jacob (Jeslin) | Karukutty |
| Thyparambil Antony (John) | Puthenpally + Sathyadeepam (Asst. Editor) |
| Vadakkan Joseph (Jose) | Asst. Dir. Catechism |
| Vadakkumchery Paul (Lijoy) | Cherthala (Muttam) |
| Varikkattupadam Mathew (Vinil) | Aimury |
| Vattakkara James (Jomish) | Kudavechoor |
| Vazhappilly Thomas (Robin) | Thirumudikunnu |
| Vellattuparambil Varghese (Praveen) | Kuttipuzha |

<u>RELIEVED</u>

| | |
|---|---|
| Chethimattam Abraham (Ginu) | Relieved - Pulluvazhy (Resi.: Renewal Centre - till Mar. 12, 2022) |
| Madappadan Varghese (Geo) | Relieved - Elamkulam (Help-South Paravoor - till Mar. 12, 2022) |
| Madathil Joseph (Christy) | Relieved - Koratty (Naipunnya, Edakkunnu, continues) (Resi.: Koratty - till Mar. 12, 2022) |
| Maliyekkal Antony (Tony) | Relieved - Kizhakkambalam (Viani Printings, continues) (Resi.: Viani - till Mar. 12, 2022) |
| Manickathan Joseph (Tony) | Relieved - Nadel (Acting Vicar - Muppathadam - till Mar. 12, 2022) |
| Mekkanthuruthil Alex | Relieved - Thirumudikunnu (Resi.: Renewal Centre - till Mar. 12, 2022) |
| Padayattil Chacko (Jinto) | Relieved - Family Apostolate (Study) |
| Palamoottil George (Pradeesh) | Relieved - Naduvattam (Resi.: Renewal Centre - till Mar. 12, 2022) |
| Parecattil Paul (Sifil) | Relieved - Edakkunnu (Resi.: Renewal Centre - till Mar. 12, 2022) |
| Thekkinedath Joseph (Petson) | Relieved - Pallippuram (Resi. Pallippuram - till Mar. 12, 2022) |

| | |
|---|---|
| Ellickal Jeffy Francis HGN | Relieved - Ayathupady |
| Kalapurackal Bobin CMI | Relieved - Kalamassery |
| Kannampuzha Pathrose (Joshy) MCBS | Relieved - Narakkal |
| Kolenchery Naibin CMI | Relieved - Palarivattam (Feb. 9, 2022) |
| Madathettu Christy RCJ | Relieved - Koratty (Feb. 28, 2022) |
| Manickathan Shelvin Isch | Relieved - Poonithura |
| Parekadan Sinson OFM Cap. | Relieved - Muttam |
| Thattathuparambil Rubin (Mandya Diocese) | Relieved - Kidangoor |
| Thombiyil Shinto SDV | Relieved - Mattoor (Feb. 20, 2022) |
| Vadakumchery Anoop CMI | Relieved - Kudavechoor |

**Chancellor**

# ദൈവവിളി ക്യാമ്പ്

സ്നേഹ ബഹുമാനപ്പെട്ട വൈദികരേ,

നമ്മുടെ അതിരൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദികർ ആകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തപ്പെടുന്നതാണ്. തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും (SSLC, Plus Two പരീക്ഷ കളുടെ ടൈംടേബിൾ അറിഞ്ഞശേഷം) കഴിഞ്ഞ രണ്ടു വർഷമായി നമുക്ക് ദൈവവിളി ക്യാമ്പ് നട ത്താൻ സാധിച്ചിട്ടില്ല. എങ്കിലും, ബഹുമാനപ്പെട്ട വികാ രിയച്ചമാരുടെ താൽപര്യത്തോടെയുള്ള ഇടപെടലു കൾ കാരണം വൈദികർത്ഥികളുടെ തെരഞ്ഞെടുപ്പ് സുഗമമായി നടത്താൻ സാധിച്ചു. ഈ വർഷവും സമാനമായ സാഹചര്യം നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട വികാരിയച്ചമാർ കുട്ടികളുടെ ദൈവ വിളി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനും പ്രത്യേക ശ്രദ്ധചെലുത്തുമല്ലോ. താല്പര്യ മുള്ള കുട്ടികളെ കണ്ടെത്തി ദൈവവിളി ക്യാമ്പിലേക്ക് പറഞ്ഞയക്കണമെന്നും. അവരുടെ പേരു വിവരങ്ങൾ ഫൊറോനാ വെക്കേഷൻ പ്രമോട്ടർ വഴി അതിരൂപത വോക്കേഷൻ പ്രമോട്ടർമാർക്ക് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

**ഫാ. ജോമോൻ മാടവനകാട്**
**വൊക്കേഷൻ പ്രൊമോട്ടർ**
**(9744876897)**



# നിര്യാതരായി



## സി. ഗബ്രിയേൽ CSN

നസ്രത്ത് കോൺവെന്റ്, എടക്കുന്ന്.

ജനനം : 16/09/1943

വ്രതവാഗ്ദാനം : 10/08/1965

മരണം : **23/01/2022**



## സി. എഡ്മണ്ട് CMC

ഇൻഫന്റ് ജീസസ് കോൺവെന്റ്, N. പറവൂർ

ജനനം : 16/04/1929

വ്രതവാഗ്ദാനം : 02/02/1955

മരണം : **22/01/2022**



## സി. മേരി ദെപ്പാസി CHF

ഹോളി ഫാമിലി കോൺവെന്റ്, മറ്റൂർ.

ജനനം : 31/01/1939

വ്രതവാഗ്ദാനം : 09/05/1961

മരണം : **20/01/2022**



## സി. ബർക്ക്മാൻസ് CSN

നസ്രത്ത് കോൺവെന്റ്, പാദുവാപുരം.

ജനനം : 19/01/1931

വ്രതവാഗ്ദാനം : 19/03/1952

മരണം : **10/01/2022**



## സി. അന്നറ്റ് MSJ

(മേരി റ്റി.സി. തട്ടിൽ, ചൊവ്വര)

നിർമല പ്രൊവിൻഷ്യൽ ഹൗസ്, ആലുവ.

ജനനം : 26/07/1936

വ്രതവാഗ്ദാനം : 24/09/1959

മരണം : **04/01/2022**

## സി. മേരി മെറ്റിൽഡ SABS



(ആലപ്പാട്ട് പാലത്തിങ്കൽ, കാരാഞ്ചിറ)
പ്രൊവിൻഷ്യൽ ഹൗസ്, എറണാകുളം.

| | | |
|---|---|---|
| ജനനം | : | 02/04/1920 |
| വ്രതവാഗ്ദാനം | : | 15/06/1944 |
| മരണം | : | **04/01/2022** |

## സി. ടെസില്ല വടശ്ശേരി SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 18/03/1942 |
| വ്രതവാഗ്ദാനം | : | 06/01/1965 |
| മരണം | : | **14/12/2021** |

## സി. അമല ജോസ് CMC



സെന്റ് മേരീസ് കോൺവെന്റ്, എറണാകുളം.

| | | |
|---|---|---|
| ജനനം | : | 09/07/1934 |
| വ്രതവാഗ്ദാനം | : | 04/04/1965 |
| മരണം | : | **15/01/2022** |

## സി. മേരി തിമോത്തി CMC



സെന്റ് ആൻസ് കോൺവെന്റ്, മുട്ടം, ചേർത്തല

| | | |
|---|---|---|
| ജനനം | : | 28/09/1923 |
| വ്രതവാഗ്ദാനം | : | 08/02/1949 |
| മരണം | : | **05/01/2022** |

## സി. ഗോഡ്ഫ്രീ CMC



സി.എം.സി. കോൺവെന്റ്, കരിയാട്.

| | | |
|---|---|---|
| ജനനം | : | 21/08/1944 |
| വ്രതവാഗ്ദാനം | : | 28/05/1969 |
| മരണം | : | **31/12/2021** |

# വാർത്തകളും വിശേഷങ്ങളും

## സത്യത്താൽ ശുദ്ധീകരിക്കപ്പെടുന്നതാണ് എല്ലാ കൃത്രിമങ്ങൾക്കുമുള്ള മറുമരുന്ന് : ഫ്രാൻസിസ് പാപ്പാ

2022 ജനുവരി 28–ന് അന്താരാഷ്ട്ര കത്തോലിക്കാ മാധ്യമ സംഘടന Catholic Fact- Checking നെ അഭിസംബോധന ചെയ്തു കൊണ്ട് ആശയ വിനിമയം എന്ന വിഷയത്തെക്കുറിച്ച് നൽകിയ സന്ദേശത്തിലാണ് പാപ്പാ ഇങ്ങനെ പറഞ്ഞത്.

മാധ്യമപ്രവർത്തകർ നൽകുന്ന മികച്ച സേവനം സ്പഷ്ടമാകേണ്ടത്, നിരീക്ഷിക്കുന്നത് ഉടനടി റിപ്പോർട്ടുചെയ്യുക എന്നതിനേക്കാൾ സംഭവത്തെക്കുറിച്ചും അതിന്റെ കാരണത്തെക്കുറിച്ചും അതിനു ചുറ്റുമുള്ള സാഹചര്യങ്ങളെക്കുറിച്ചും അന്വേഷണം നടത്തി നടന്നവയെക്കുറിച്ച് സാധ്യമായ വിലയിരുത്തലുകൾ നടത്തുന്നതിലാണ്. മാധ്യമപ്രവർത്തകർ വസ്തുതകൾ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും അവയുടെ കൃത്യത പരിശോധിക്കുകയും അവർ നൽകുന്ന വിവരങ്ങളുടെ ഉറവിടങ്ങളെ നിർണ്ണായകമായി വിലയിരുത്തുകയും ഒടുവിൽ അവരുടെ കണ്ടെത്തലുകൾ കൈമാറുകയും വേണം. ഇതിനു കർക്കശമായ ഒരു രീതി ആവശ്യമുണ്ട് എന്ന് പാപ്പാ അനുസ്മരിപ്പിച്ചു.

ഈ ദിവസങ്ങളിൽ, കോവിഡ് മഹാമാരിക്ക് പുറമേ, ഒരു 'ഇൻഫോഡെമിക്' അഥവാ (വിവര പകർച്ചവ്യാധി) പടരുന്നതിനെ പരാമർശിച്ച പാപ്പാ ഭയത്തെ അടിസ്ഥാനമാക്കി യാഥാർത്ഥ്യത്തെ അത് വളച്ചൊടിക്കുന്നുവെന്നും ഇത് നമ്മുടെ ആഗോള സമൂഹത്തിൽ വ്യാജ വാർത്തകളും കെട്ടിച്ചമച്ച വാർത്തകളും കൊണ്ട് വ്യാജമായ വ്യാഖ്യാനങ്ങളുടെ വിസ്ഫോടനത്തിലേക്ക് നയിക്കുമെന്നും ചൂണ്ടി കാണിച്ചു. പലപ്പോഴും ഇതിലേക്ക് അറിയാതെ നൽകുന്ന സംഭാവനകൾ ശാസ്ത്രീയമെന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങളുടെയും അഭിപ്രായങ്ങളുടെയും വലിയ കൂമ്പാരമാണ് സൃഷ്ടിക്കുന്നത്. ഇത് വായനക്കാരനോ ശ്രോതാവിനോ ആശയക്കുഴപ്പമുണ്ടാക്കുന്നു.

# METROPOLITAN TRIBUNAL

## Annual Report of Marriage Cases in 2021

**<u>First Instance Cases</u>**

| | | |
|---|---|---|
| Cases pending at the beginning of the year 2021 | : | 13 |
| Cases introduced in 2021 | : | 103 |
| Total Cases disposed in 2021 | : | 105 |

<u>Number of sentences given as per the grounds below</u>:

| | Affirmative |
|---|---|
| Inability to assume (CCEO c.818 §3) | 1 |
| Error of quality (CCEO c. 820 §2) | 19 |
| Fraud (CCEO c. 821) | 12 |
| Total simulation (CCEO c. 824 §2) | 1 |
| Partial simulation – *contra bonum sacramentality* (CCEO c. 824 §2) | 1 |
| Partial simulation – *contra bonum fidei* (CCEO c. 824 §2) | 3 |
| Partial simulation – *contra bonum prolis* (CCEO c. 824 §2) | 1 |
| Partial simulation – *contra bonum coniugum* (CCEO c. 824 §2) | 1 |
| Force or grave fear (CCEO c. 825) | 59 |
| Conditional consent (CCEO c. 826) | 2 |

| | | |
|---|---|---|
| Total affirmative sentences: | : | 100 |
| Cases dismissed: | : | 5 |
| Total cases disposed: | : | 105 |
| Cases pending at the end of the year 2021 | : | 11 |

Out of 11 cases pending at the end of the year 2021, 9 are having cases pending in the civil courts in India. Therefore we are not able to deal with them at present in our Metropolitan Tribunal.

**Fr. Dr. James Pereppadan**
**Vicar Judicial**

# വിശ്വാസപരിശീലനകേന്ദ്രം

ഫെബ്രുവരി മാസത്തെ നിയോഗം: പരീക്ഷയുടെ വിജയത്തിനുവേണ്ടി

1. രണ്ടാം സെമസ്റ്റർ പരീക്ഷ: ജനുവരി 30-ാം തീയതി ഞായറാഴ്ച നടത്തുമെന്ന് അറിയിച്ചിരുന്ന 10, 11, 12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ 2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച യിലേയ്ക്ക് മാറ്റിവച്ചിരിക്കുന്നു.

2. ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ പരീക്ഷ 2022 ഫെബ്രുവരി 20-ാം തീയതി ഞായറാഴ്ച തന്നെ നടത്താവുന്നതാണ്. ഇടവകയിലെ കോവിഡ് പ്രോട്ടോകോൾ സാഹചര്യമനുസരിച്ച് ഓഫ്ലൈനിലോ ഓൺലൈനിലോ പരീ ക്ഷകൾ ക്രമീകരിക്കാവുന്നതാണ്. അവർക്കുള്ള ചോദ്യപേപ്പർ അതിരൂപതാകേന്ദ്രം തയ്യാറാക്കി ഫൊറോന ഡയറക്ടർ അച്ചന്മാർക്ക് നൽകുന്നതാണ്. അവർ അത് വികാരിയച്ചന്മാർക്കു ലഭ്യമാക്കുന്നതുമാണ്. പരീക്ഷ നടത്തുന്നവിധമനുസരിച്ച് ചോദ്യപേപ്പർ അതത് ഇടവകകളിൽ പ്രിന്റ് ചെയ്തോ അല്ലാതെയോ (ഓൺലൈൻ) കൊടുക്കാവുന്നതാണ്.

3. ഗവൺമെന്റിന്റെ കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് പരീക്ഷ യ്ക്കായി നിശ്ചയിച്ചിട്ടുള്ള തീയതികളിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ വിവരം അറിയിക്കുന്നതാണ്.

4. ഇപ്പോഴത്തെ കോവിഡ് സാഹചര്യം അനുസരിച്ച് കാറ്റിക്കിസം ക്ലാസ്സുകൾ ഓൺലൈനിലും നടത്താം.

5. ഡിപ്ലോമ രണ്ടാംവർഷ വിദ്യാർത്ഥികളുടെ വിശ്വാസപ്രഖ്യാപനം ഇടവകയുടെ സാഹചര്യമനുസരിച്ച് സൗകര്യപ്പെടുന്ന ദിവസം നടത്തുമല്ലോ.

6. ഫൊറോന ഡയറക്ടർ അച്ചന്മാർ, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ് എന്നിവരുടെ സംയുക്ത മിറ്റിങ് 2022 ജനുവരി മാസം 16-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കലൂർ റിന്യൂവൽ സെന്ററിൽ നടന്നു.

പ്രസ്തുത മീറ്റിംഗിൽ വിശ്വാസപരിശീലനകാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

അതിരൂപതാവിശ്വാസപരിശീലനകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ ആയി രണ്ടുവർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്തശേഷം എടക്കുന്ന് ഇടവകയുടെ അസി. വികാരിയായി സ്ഥലം മാറി പോകുന്ന ബഹു. ഡിബിൻ മീമ്പന്താനത്ത് അച്ചന് യാത്രാമംഗളങ്ങൾ നേർന്നു.

**അവാർഡ് മീറ്റ്:** 12 വർഷം (2008–2020) ഞായറാഴ്ചകളിൽ മുടങ്ങാതെ വിശ്വാസപരിശീലനം പൂർത്തിയാക്കിയ 14 കുട്ടികളെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. ഈശോയെ അടുത്തറിയാനും അനുഗമിക്കാനും വിശ്വാസജീവിതത്തിൽ ആഴപ്പെട്ടുവളരാനും വിശ്വാസപരിശീലനം അനിവാര്യമെന്ന് ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവ് പറഞ്ഞു. വികാരി ജനറാൾ റവ. ഡോ. ജോസ് പുതിയേടത്ത്, വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, അസി. ഡയറക്ടർ ഫാ. ഡിബിൻ മീമ്പന്താനത്ത്, കുട്ടികളുടെ പ്രതിനിധി ഷോൺ ഫ്രാങ്ക്ളിൻ എന്നിവർ ആശംസകൾ നേർന്നു. കുട്ടികൾക്കുള്ള മെമന്റോ അഭിവന്ദ്യ പിതാവും, സർട്ടിഫിക്കറ്റ് വികാരി ജനറാൾ ബഹു. ജോസ് പുതിയേടത്തച്ചനും വിതരണം ചെയ്തു. 14 കുട്ടികൾ മാതാപിതാക്കൾക്കൊപ്പം മെമന്റോയും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങി.

7. ഫൊറോന ഡയറക്ടർ അച്ചന്മാരുടെ മീറ്റിങ്: 2022 ജനുവരി മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് രണ്ടാം സെമസ്റ്റർ പരീക്ഷ, വിശ്വാസപരിശീലനസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം ചേർന്നു.

8. സ്വാഗതം: 2022 ജനുവരി 29-ന് അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അസി. ഡയറക്ടർ ആയി ചുമതലയേറ്റ ബഹു. ജോസ് വടക്കൻ അച്ചന് സ്നേഹോഷ്മളമായ സ്വാഗതം.

9. JustJo Action Song Competition കോവിഡിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് മത്സരത്തിന്റെ തീയതി 2022 മെയ് മാസം വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്

## നോമ്പുകാല ധ്യാനങ്ങൾ

സ്നേഹ ബ. വികാരിച്ചന്മാരേ,

നമ്മുടെ അതിരൂപത ദൈവാനുഗ്രഹത്തിന്റെ ഒരു കൂടാരമാണ്. ഈ വരുന്ന നോമ്പുകാലം നമുക്ക് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വചനാനുഭവത്തിന്റെയും നാളുകൾ ആക്കി മാറ്റാം. നമ്മുടെ അതിരൂപതയിലെ വൈദികരിൽ പ്രഗത്ഭരായ വചന പ്രഘോഷകരെ (3 പേരടങ്ങുന്ന ടീം) വിവിധ ഗ്രൂപ്പുകളായി തിരിച്ച് നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ നോമ്പുകാല ധ്യാനം നടത്തുവാൻ ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ് ഒരുങ്ങുന്നു. ജീവിത ബന്ധിയായ വചനങ്ങളും പ്രബോധനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ ധ്യാനം മുന്ന് ദിവസത്തേക്കായാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ ശുശ്രൂഷ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ എത്രയും നേരത്തെ അതിരൂപത ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റിനെ കോൺടാക്റ്റ് ചെയ്യുക.

N.B.: കോവിഡ് പ്രോട്ടോകോൾ തുടർന്നാൽ ഓൺലൈൻ ആയും ഈ ശുശ്രൂഷകൾ നടത്താവുന്നതാണ്

**ഫാ. ജയ്സൺ കൊളുത്തുവള്ളി**
**ഡയറക്ടർ (ഫോൺ: 9496017942)**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 ഫെബ്രുവരി

### വിവാഹഒരുക്ക ധ്യാനം (MPR) (ഓൺലൈൻ)

**ഫെബ്രുവരി: (04-05), (11-12), (18-19), (22-23)**
വിവാഹഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ദമ്പതിധ്യാനം (ഓൺ ലൈൻ)** ഫെബ്രുവരി 18-20

**ലോകവിവാഹ ദിനാഘോഷം** ഫെബ്രുവരി 13
ലോക വിവാഹ ദിനത്തിന്റെ ഭാഗമായി യുവദമ്പതികൾക്കായി ഓൺലൈൻ സെമിനാർ നടത്തുന്നു. വിവാഹിതരായിട്ട് 5 വർഷം വരെയുള്ള ദമ്പതികളെയാണ് ഈ പ്രോഗ്രാമിൽ പ്രതീക്ഷിക്കുത്.
സമയം: **ഫെബ്രുവരി 13 ഞായർ, വൈകിട്ട് 6.00 മുതൽ 8.30 വരെ**

### ഫാമിലി ഔവർ

ഫെബ്രുവരി 05 യൂദിത്ത് ഫോറം
ഫെബ്രുവരി 06 എസ്.ഡി. സിസ്റ്റേഴ്സ്
ഫെബ്രുവരി 19 എം.സി.സി, ഗ്രെയ്സ് റിപ്പിൾസ്

**ദമ്പതി സംഗമം (നിറവ്)** ഫെബ്രുവരി 13 കടവന്ത്ര

### ഫൊറോന ഫോറം മീറ്റിംഗ് (FFAM)

| | |
|---|---|
| ഫെബ്രുവരി 06 | കൊരട്ടി, കറുകുറ്റി, അങ്കമാലി, മൂഴിക്കുളം |
| ഫെബ്രുവരി13 | പറവൂർ, മഞ്ഞപ്ര, കിഴക്കമ്പലം |
| ഫെബ്രുവരി20 | മൂക്കന്നൂർ, കാഞ്ഞൂർ, വല്ലം, എറണാകുളം, ഇടപ്പള്ളി |
| ഫെബ്രുവരി27 | തൃപ്പൂണിത്തുറ, വൈക്കം, ചേർത്തല, പള്ളിപ്പുറം |

### പ്രാർത്ഥനാശംസകളും, ഹൃദയം നിറഞ്ഞ നന്ദിയും!!!

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം ചെയ്തശേഷം 2022 ജനുവരി 29-ന് റോമിൽ ഉപരിപഠനത്തിനായി പോകുന്ന ബ. ജിന്റോ പടയാട്ടി അച്ചന് എല്ലാ സേവനങ്ങൾക്കും നന്ദി പറയുന്നതോടൊപ്പം അച്ചന്റെ പുതിയ ഉത്തരവാദിത്വത്തിൽ എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

**സ്വാഗതം**

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ അസിസ്റ്റന്റ്ഡയറക്ടർആയി 2022 ജനുവരി 29ന് ചുമതലയേൽക്കു റവ.ഫാ. സാൻജോ കണ്ണമ്പിള്ളിക്ക് സ്നേഹപൂർവമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

## സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### ആശ്വാസ് ഇൻഷുറൻസ് പദ്ധതി

സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് സഹൃദയ നടപ്പാക്കിവരുന്ന ആശ്വാസ് മെഡി ക്ലെയിം പദ്ധതിയിൽ നിലവിൽ അംഗത്വമുള്ളവർക്ക് അംഗത്വം പുതുക്കുന്നതിനും പുതിയ അംഗങ്ങൾക്ക് ചേരുന്നതിനും മാർച്ച് 10 വരെ സമയമുണ്ട്. 18 മുതൽ 85 വയസുവരെ പ്രായമുള്ളവർക്ക് രോഗപരിശോധനകളൊന്നും കൂടാതെ അംഗത്വം ലഭിക്കുന്ന ഈ പദ്ധതിയിൽ ചേരുന്നതിന് 55 വയസ്സുവരെയുള്ള ഒരാൾക്ക് പ്രീമിയം 5800 രൂപയും 55 നു മുകളിൽ പ്രായമുള്ള ഒരാൾക്ക് 7200 രൂപയുമാണ്. രണ്ടു ലക്ഷം രൂപവരെ ഒരുവർഷത്തിനുള്ളിൽ ചികിത്സാസഹായം നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നു. വിശദവിവരങ്ങളടങ്ങിയ നോട്ടീസും അപേക്ഷാ ഫോമുകളും ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. നമ്മുടെ ജനങ്ങൾക്ക് പ്രയോജനകരമായ ഈ പദ്ധതിയിൽ പരമാവധി പേരെ അംഗങ്ങളാക്കാൻ ബ. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

## സഹൃദയയ്ക്ക് മനുഷ്യാവകാശ പുരസ്കാരം

മനുഷ്യ മഹത്വത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ചൈൽഡ് ലൈൻ മേഖലയിൽ നേതൃത്വം നൽകിവരുന്നതിനുള്ള അംഗീകാരമായി സംസ്ഥാന ഹ്യൂമൻ റൈറ്റ്സ് ഫോറം ഏർപ്പെടുത്തിയ ഈ വർഷത്തെ മനുഷ്യാവകാശ പുരസ്കാരം സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന് ലഭിച്ചു. എറണാകുളം വൈ.എം.സി.എ. ഹാളിൽ മനുഷ്യാവകാശദിനത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങി.

### 25 കാരുണ്യഭവനങ്ങളുടെ താക്കോൽ ദാനം

കുവൈറ്റ് സിറോ മലബാർ കൾച്ചറൽ അസോസിയേഷന്റെ സഹകരണത്തോടെ എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ പൂർത്തിയാക്കിയ 25 കാരുണ്യഭവനങ്ങളുടെ താക്കോൽ ദാനകർമ്മം മേജർ ആർച്ച്ബിഷപ്സ് ഹൗസിൽ സംഘടിപ്പിച്ചു. ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ, ബഹു. ടി.ജെ. വിനോദ് എം.എൽ.എ, സീറോമലബാർ കൾച്ചറൽ അസ്സോസിയേഷൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു

### സഹൃദയ ജോബ് ഗൈഡൻസ് സെൻറർ

വിദ്യാസമ്പന്നരും തൊഴിൽ ചെയ്യുന്നതിന് താത്പര്യമുള്ളവരുമായ ഭിന്നശേഷിക്കാർക്ക് അനുയോജ്യ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായി സഹൃദയയുടെ നേതൃത്വത്തിൽ ജോബ് ഗൈഡൻസ് സെന്റർ ആരംഭിക്കുന്നു. താത്പര്യമുള്ളവർ വിശദമായ ബയോ-ഡേറ്റ wseekm2@gmail.com എന്ന മെയിലിലേക്ക് അയയ്ക്കേണ്ടതാണ്.

### കാൻസർ ഡിറ്റക്ഷൻ മൊബൈൽ ക്ലിനിക്

സഹൃദയ, കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പാക്കിവരുന്ന ആശാകിരണം കാൻസർ കെയർ കാംപയിന്റെ ഭാഗമായി ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ കാൻസർ ഡിറ്റക്ഷൻ മൊബൈൽ ക്ലിനിക്കിന്റെ ഫ്ളാഗ് ഓഫ് കർമ്മം ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ നിർവഹിച്ചു. ഓരോ പ്രദേശങ്ങളിലും എത്തി ബോധവത്കരണ ക്ലാസുകൾക്കൊപ്പം ആവശ്യമുള്ളവർക്ക് സൗജന്യനിരക്കിൽ രോഗനിർണയ പരിശോധനകൾ നടത്തുന്നതിനാണ് മൊബൈൽ ക്ലിനിക്കിലൂടെ ലക്ഷ്യമിടുന്നത്.

## ആശാകിരണം വിഭവസമാഹരണ പദ്ധതി

സഹൃദയ, കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പാക്കിവരുന്ന ആശാകിരണം കാൻസർ കെയർ കാംപയിന്റെ വിഭവസമാഹരണത്തിനായി നടപ്പാക്കുന്ന സമ്മാന കൂപ്പൺ പദ്ധതിയുടെ ഉദ്ഘാടനം കാരിത്താസ് ഇന്ത്യ അസി. ഡയറക്ടർ ഫാ. ജോളി പുത്തൻപുര നിർവഹിച്ചു.

## കാൻസർ രോഗികൾക്ക് വിഗ് വിതരണ പദ്ധതി

സഹൃദയ കേശബാങ്കിൽ നിന്ന് നിർധനരായ കാൻസർ രോഗികൾക്ക് സൗജന്യമായി നൽകുന്ന വിഗ് വിതരണത്തിന്റെ ഉദ്ഘാടനം സിനിമാതാരം ഫെമിന ജോർജ് നിർവഹിച്ചു.

## വിധവ സംഗമവും ഭക്ഷ്യകിറ്റ് വിതരണവും

സഹൃദയ, എയിഡ് റ്റു ദി ചർച്ച് ഇൻ നീഡ് ഇന്റർനാഷണലിന്റെ സഹകരണത്തോടെ അങ്കമാലി, പള്ളിപ്പുറം, കലൂർ റിന്യുവൽ സെന്റർ എന്നിവിടങ്ങളിൽ വിധവാ ഏകസ്ഥ സംഗമം സംഘടിപ്പിച്ചു ഭക്ഷ്യക്കിറ്റ് വിതരണവും നടത്തി.

## സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

സഹൃദയ, കേരള ലേബർ മൂവ്മെന്റിന്റെ സഹകരണത്തോടെ നിർദ്ധനരായ ഭിന്നശേഷിക്കാർക്കായി നെടുമ്പ്രക്കാട് സഹൃദയ റീജിയണൽ സെന്ററിൽ ഭക്ഷ്യ വിഭവ കിറ്റുകളുടെ വിതരണം സംഘടിപ്പിച്ചു. .

## ആർട്ടിഫിഷ്യൽ ലിംബ് നൽകുന്നു

കൃത്രിമ കാൽ, കൃത്രിമ കൈ (ആർട്ടിഫിഷ്യൽ ലിംബ്) എന്നിവ ആവശ്യമുള്ളവർക്ക് അവ സൗജന്യമായി ലഭിക്കുന്നതിനുള്ള ഒരു പദ്ധതി എറണാകുളം മിഡ്ടൗൺ റോട്ടറി ക്ലബിന്റെ സഹകരണത്തോടെ സഹൃദയ നടപ്പാക്കുന്നു.

## ചൈൽഡ് ലൈൻ പരിവർത്തൻ പദ്ധതി

സഹൃദയയുടെയും റിലയൻസ് ഫൗണ്ടഷന്റേയും സഹകരണത്തോടെ എറണാകുളം റെയിൽവേ ചൈൽഡ് ലൈൻ നടപ്പാക്കുന്ന പരിവർത്തൻ പദ്ധതിയുടെ ഭാഗമായി എറണാകുളം ഉദയ കോളനിയിലെ കുട്ടികൾക്കു ക്രിസ്മസ് സമ്മാനങ്ങൾ നൽകി.

**സോളാർ ഗ്രിഡ് പദ്ധതി**

വൈദ്യുതി ബിൽ ചെലവ് ഒഴിവാക്കുന്നതിന് സഹായിക്കുന്ന സോളാർ ഓൺഗ്രിഡ് പദ്ധതി ചൂണ്ടി ഭാരത് മാതാ ലീഗൽ സ്റ്റഡീസ് , മഞ്ഞപ്ര പള്ളി, വല്ലകം പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ചു.

**ബയോഗ്യാസ് പ്ലാന്റ് വിതരണം**

സംസ്ഥാന സർക്കാർ സ്ഥാപനമായ റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രയുടെ സഹകരണത്തോടെ സഹൃദയ, എടത്വ പഞ്ചായത്തിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തു.

**ബയോബിൻ വിതരണം**

കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ റെയ്ഡ്കോയുടെ സഹകരണത്തോടെ മാലിന്യസംസ്കരണത്തിനുള്ള ബയോബിന്നുകൾ വിതരണം ചെയ്തു.

**സഹൃദയ ഹെൽത്ത് ക്ലബ്**

വ്യക്തികളുടെയും കുടുംബത്തിന്റെയും ആരോഗ്യം സംരക്ഷിച്ചു കൊണ്ട് നാടിന്റെ ആരോഗ്യസംരക്ഷണം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് സഹൃദയ ഹെൽത്ത് ക്ലബുകൾക്ക് തുടക്കമിടുന്നു. ആരോഗ്യ അറിവുകളും വ്യായാമ പരിശീലനങ്ങളും പങ്കുവയ്ക്കുന്ന ചെറുസംഘങ്ങളായി ഹെൽത്ത് ക്ലബുകൾ ഗ്രാമതലത്തിൽ രൂപപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ബാലികദിനാഘോഷം**

ദേശീയ ബാലികാ ദിനത്തിന്റെ ഭാഗമായി ജന ശിക്ഷൺ സൻസ്ഥാൻ, റോട്ടറി ക്ലബ് എന്നിവയുടെ സഹകരണത്തോടെ സഹൃദയ ചൈൽഡ് ലൈനിന്റെ നേതൃത്വത്തിൽ വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ച ബാലികമാരെ ആദരിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജനുവരി 13 | ഭാരത മാതാ കോളേജ് എഡ്യൂക്കേഷണൽ ട്രസ്റ്റ് |
| ജനുവരി 20 | ഭാരത മാതാ കോളേജ് എഡ്യൂക്കേഷണൽ ട്രസ്റ്റ് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഡിസം. 30 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ചേർത്തല |
| ജനുവരി 4 | നിവേദിത, ചുണങ്ങംവേലി |
| ജനുവരി 4 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജനുവരി 10 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജനുവരി 13 | നിവേദിത, ചുണങ്ങംവേലി |
| ജനുവരി 13 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജനുവരി 19 | നിവേദിത, ചുണങ്ങംവേലി |
| ജനുവരി 19 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജനുവരി 21 | ഭാരത മാതാ കോളേജ്, തൃക്കാക്കര |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# ബൈബിൾ അപ്പസ്തോലേറ്റ്

## ലോഗോസ് ക്വിസ് റിസൽറ്റ്

2021 ഡിസംബർ 19-ന് നടന്ന ലോഗോസ് ക്വിസ് പരീക്ഷയുടെ എറണാകുളം-അങ്കമാലി അതിരൂപതാതല റിസൽറ്റ് പ്രഖ്യാപിച്ചു. മുൻവർഷങ്ങളിൽ നിന്നു വിഭിന്നമായി ഒറ്റ വിഭാഗമായി നടത്തിയ മത്സരത്തിൽ താഴെ പറയുന്നവർ റാങ്ക് ജേതാക്കളായി.

**ഒന്നാം റാങ്ക്**

1. ജെസ്സി ജോസ് മാണിക്യത്താൻ
   സെന്റ് ജോസഫ് ഇടവക, അമലാപുരം

**രണ്ടാം റാങ്ക്**

1. ജാൻസി ഫ്രാൻസിസ് അമ്പലത്തിങ്കൽ
   സെന്റ് മേരീസ് ചർച്ച്, തുണ്ടത്തുംകടവ്

**മൂന്നാം റാങ്ക്**

1. ടെസ്സി വർഗീസ് ചാത്തംകണ്ടത്തിൽ
   സെന്റ് ജോർജ് ചർച്ച് തിരുവാങ്കുളം

**നാലാം റാങ്ക്**

1. സോഫി ജോസഫ് അരീക്കൽ
   സെന്റ് ആന്റണീസ് ചർച്ച്, എടക്കുന്ന്
2. പ്രിയ മനോജ് കാട്ടുപറമ്പൻ
   സെന്റ് ജോസഫ് ചർച്ച്, ആറ്റപ്പാടം

**അഞ്ചാം റാങ്ക്**

1. റോസ്മേരി പി.പി. പാലത്തിങ്കൽ
   സെന്റ് മേരീസ് ഫൊറോന ചർച്ച്, തൃപ്പൂണിത്തുറ
2. ആനി ഔസേപ്പ് കുന്നംകുടത്ത്
   ലിറ്റിൽ ഫ്ലവർ ചർച്ച്, തൃക്കാക്കര
3. ലിസി ജെയിംസ് അറയ്ക്കൽ
   സെന്റ് ആന്റണീസ് ചർച്ച്, കലയത്തുംകുന്ന്
4. ലില്ലി ജോർജ് കൊട്ടേപ്പിള്ളിക്കുടി
   സെന്റ് ആന്റണീസ് ചർച്ച്, മറ്റൂർ

ഇതിനു പുറമേ **പ്രോത്സാഹന സമ്മാനത്തിന് 90%-ലധികം** മാർക്കുനേടി 58 പേരും, **സർട്ടിഫിക്കറ്റിന് 80%-ലധികം** മാർക്കു നേടി 234 പേരും അർഹത നേടിയിട്ടുണ്ട്. സമ്മാനവിതരണത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

റിസൽറ്റുകൾ ലോഗോസ് ക്വിസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെന്റർകോഡും പാസ്‌വേർഡും ഉപയോഗിച്ച് വെബ്സൈറ്റിൽ നിന്ന് ഓരോ സെന്ററിലെയും മത്സരാർത്ഥികളുടെ മാർക്ക് അറിയാവുന്നതാണ്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ നടന്ന ഈ ലോഗോസ് മത്സരത്തിനായി അതിരൂപതയിൽ നിന്നും 26895 പേരാണ് രജിസ്റ്റർ ചെയ്തത്. ലോഗോസ് മത്സര നടത്തിപ്പിനോട് സഹകരിച്ച വികാരിയച്ചന്മാരോടും കോർഡിനേറ്റർമാരോടും ഫൊറോനാ ഡയറക്ടർമാരോടും ഫൊറോനാ സെക്രട്ടറിമാരോടും മത്സരാർത്ഥികളോടും അതിരുപതാകേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു.

### ലോഗോസ് പ്രതിഭ, മാർ തോമ മല്പാൻ അവാർഡുകൾ

2022 ജനുവരി 15-ന് പി.ഒ.സി.-യിൽ വച്ച് നടന്ന ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഒന്നാമതെത്തി നമ്മുടെ അതിരൂപതയിലെ ജെസ്സി ജോസ് മാണിക്യത്താൻ 2021-ലെ ലോഗോസ് പ്രതിഭയായി. 37 രൂപതകളിൽ നിന്നായി പങ്കെടുത്ത മൂന്നു ലക്ഷം പേരിൽ നിന്നാണ് ശ്രീമതി ജെസ്സി ഒന്നാം സ്ഥാനത്തെത്തിയത്. ലോഗോസ് പ്രതിഭയ്ക്ക് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്കുള്ള മാർ തോമ മല്പാൻ അവാർഡും നമ്മുടെ അതിരൂപതക്ക് ലഭിച്ചു.

### വചനശുശ്രൂഷാ പുരസ്കാരം

കൊറോണക്കാലത്ത് വളരെ പ്രത്യേകമായി ബൈബിൾ സംബന്ധിയായ ക്രിയാത്മക പരിപാടികൾ നടത്തിയ അത്മായർക്ക് കെസിബിസി ബൈബിൾ കമ്മീഷൻ ഏർപ്പെടുത്തിയ വചനശുശ്രൂഷാ പുരസ്കാരത്തിന് നമ്മുടെ അതിരൂപതയിലെ ശ്രീ സജീവ് പാറേക്കാട്ടിൽ അർഹനായി. കാഞ്ഞൂർ ഫൊറോനയിലെ പ്രസന്നപുരം ഇടവകാംഗമാണ്. വിവിധ രൂപതകളിൽ നിന്നായി നാലുപേരാണ് വചനശുശ്രൂഷാ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത്. പുരസ്കാര ജേതാവിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

**Corporate Office, Broadway, Ernakulam Kochi 682031.**
**9446339966, 0484-2381947**

- **Overseas Education**

- Study in Germany: IELTS & German not required, Affordable Fees, Scholarships Available, Study Business & IT Programs in Berlin

- **Popular Programs Taught in English**

| **Bachelors** | **Masters** |
|---|---|
| B.Sc Business & Management | MBA |
| B.Sc Sport & Event Management | M.Sc Corporate Management |
| B.Sc Software Engineering | M.Sc Software Engineering |
| B.Sc Digital Business & Data Science | M.Sc Data Science |

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഫെബ്രുവരി 10-ന് ആരഭിക്കുന്ന ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു.

- **Talent Track and Guidance Programme on 30th January 2022**

## നൈപുണ്യ അക്കാദമി, തൃക്കാക്കര.

**Contact: 9544919133, 9947349966**

- **PROGRAMS (FEBRUARY)**

1. UGC NET PAPER I & PAPER II -Online and Offline (NEW BATCH)
2. BANK coaching and SSC coaching Regular-offline(new admission all Mondays)
3. PSC -offline (new admission all Mondays)
4. Entrance Crash Course (ECC) -Admission continues

5. Entrance Two Year Course (ETC) - Admission continues
6. Law entrance (KLAT, KLEE, CUAST CAT) - Crash batch
7. Entrance preparatory course (EPC) - Admission continues
   - EPC VIIIth standard
   - EPC IXth standard
   - EPC X thstandard
8. IELTS -Regular,Online& Offline (morning and evening batch)

## നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ.

**Contact: 9544919144 , 0484-4029144**

- **ഫെബ്രുവരി മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)
2. ജർമൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)
3. സ്പാനിഷ് കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2 )
4. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ച്
5. KAS ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
6. 8, 9, 10, 11 & 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാം
7. സെൻട്രൽ ലൈബ്രറിയിലേക്കുള്ള അഡ്മിഷൻ തുടരുന്നു

## നൈപുണ്യ ഇന്റർനാഷണൽ, എൽ.എഫ്. ക്യാമ്പ്, അങ്കമാലി

**Contact: 9544919155, 9633338433**

- **IELTS, OET Coaching Online** ഓൺലൈൻ ആയും ഓഫ് ലൈൻ ആയും വളരെ മികച്ച രീതിയിൽ നൽകി വരുന്നു. എല്ലാ തിങ്കളാഴ്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.
- **Overseas Education and Counselling** നടത്തിവരുന്നു.
- RCSI Ireland Aptitude training program കൂടാതെ Overseas Education Counselling & Recruiting പ്രവർത്തനങ്ങളും നടത്തിവരുന്നു.

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ഡിസംബർ 2021**

31 ആന്റണി കരിയിൽ പിതാവ്, എറണാകുളം നിത്യാരാധനാ ചാപ്പ ലിന്റെ ചാപ്ളിൻ ആയിരുന്ന ബ. ലൂക്ക് പടിപ്പുരയ്ക്കൽ CSC അച്ചനു ബിഷപ്സ് ഹൗസിൽ വച്ച് യാത്രയയപ്പ് നൽകി.

**ജനുവരി 2022**

1 ആന്റണി കരിയിൽ പിതാവ്, രാവിലെ മൂഴിക്കുളത്ത് പുനർനിർ മ്മിച്ച സെന്റ് മേരീസ് ഫൊറോന പള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു.

3 ആന്റണി കരിയിൽ പിതാവ് രാവിലെ താന്നിപ്പുഴ സെന്റ് ജോസഫ് പള്ളിയിൽ ഡീക്കൻ ബാജിയോ കല്ലൂക്കാടന് പൗരോ ഹിത്യപട്ടം നൽകി.

വൈകിട്ട് ബിഷപ്സ് ഹൗസിൽ അതിരൂപതാ വെൽഫെയർ സർവീസസിന്റെ (സഹൃദയ) യും സീറോമലബാർ കൾച്ചറൽ അസോസിയേഷന്റെയും സഹകരണത്തിൽ പൂർത്തീകരിച്ച ഭവനങ്ങളുടെ താക്കോൽദാനം നിർവഹിച്ചു.

4 ആന്റണി കരിയിൽ പിതാവ് കാക്കനാട് സി.എം.ഐ. ജനറ ലേറ്റിൽ നടന്ന മെത്രാന്മാരുടെ സംഗമത്തിൽ പങ്കെടുത്തു.

5 ആന്റണി കരിയിൽ പിതാവ് രാവിലെ പൊന്നുരുന്നി സഹൃദയ ഓഫീസിൽ നടന്ന മൊബൈൽ ക്യാൻസർ ഡിറ്റക്ഷൻ പരിപാടി യുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

വൈകുന്നേരം സൗത്ത് വാഴക്കുളം പള്ളിയിലെ തിരുനാളി നോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

6 ആന്റണി കരിയിൽ പിതാവ്, തുണ്ടത്തുംകടവ് പള്ളിയിൽ പുതു തായി നിർമ്മിച്ച ഗ്രോട്ടോ ആശീർവദിച്ചു.

07-15 ആന്റണി കരിയിൽ പിതാവ് സീറോമലബാർ ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

16 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം കോൺ വെന്റ് ജംഗ്ഷനിലുള്ള സി.എസ്.എൻ. മഠത്തിലെ നവീകരിച്ച ദേവാലയം ആശീർവാദിച്ചു.

16 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം റിന്യുവൽ സെന്ററിൽ നടന്ന അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള സമ്മേളനത്തിൽ പങ്കെടുക്കുകയും വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

വൈകുന്നേരം പാലാരിവട്ടം പള്ളിയിൽ നടന്ന കുടുംബ കൂട്ടായ്മ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

17 ആന്റണി കരിയിൽ പിതാവ് രാവിലെ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ നവീകരിച്ച കാർഡിയോളജി ബ്ലോക്ക് ഉദ്ഘാടനം ചെയ്ത് ആശീർവദിച്ചു.

22 ആന്റണി കരിയിൽ പിതാവ് രാവിലെ വേങ്ങൂർ എസ്.ജെ. എസ്.എം. മഠത്തിൽ നടന്ന സഭാവസ്ത്രസ്വീകരണത്തിലും വ്രതവാഗ്ദാനശുശ്രൂഷയിലും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

23 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം ദീപിക അപെക്സ് ബോഡി മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

25 ആന്റണി കരിയിൽ പിതാവ് ഉച്ചയ്ക്ക് റിന്യുവൽ സെന്ററിൽ സഹൃദയ വെൽഫെയർ സർവീസസിന്റെയും ഫാമിലി അപ്പസ്തോലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ഏകസ്ഥ കൂട്ടായ്മയിൽ പങ്കെടുത്ത് പ്രഭാഷണം നടത്തി.

വൈകുന്നേരം ബിഷപ്സ് ഹൗസിൽ 'New Priests' meet'-ൽ പങ്കെടുക്കുകയും നവവൈദികർക്ക് ആശംസകൾ നേരുകയും ചെയ്തു.

26 ആന്റണി കരിയിൽ പിതാവ് രാവിലെ ഇടയാഴം സെന്റ് ജോസഫ് പള്ളിയിൽ സിഡ്നി അതിരൂപതാംഗമായ ബഹു. ജോൺ സ്നേഹദാസ് കുഴിതടത്തിൽ (ഫിജി മിഷൻ) അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ വിശുദ്ധ ബലി അർപ്പിച്ചു.

29 ആന്റണി കരിയിൽ പിതാവ് വൈകിട്ട് ലിസി ആശുപത്രിയുടെ ബോർഡ് മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

* * * * *

# എറണാകുളം - അങ്കമാലി അതിരൂപതയുടെ
# നവവൈദികർക്ക് ആശംസകൾ (2021 - 2022)


Fr. JENCE PALACHUVATIL


Fr. NIKHIL MULAVARICKAL


Fr. ANTONY EDASSERY


Fr. DON MULAVARICKAL


Fr. ANTONY KATTAKKAKATHOOTTU


Fr. JITHIN NJAVARAKKATTU


Fr. PETER ALAKKADAN


Fr. PAUL PALLIPPATTU


Fr. ANTONY PADAYATTY


Fr. THOMAS VAZHAPPILLY


Fr. BAGIO KALOOKADAN


Fr. ANSON NADUPARAMBIL


Fr. ATHUL MALIAKAL

RNI No. 3421/57
Date of Publication: 01-02-2022

Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



*"Consistent prayer produces
progressive transformation,
makes us strong in times of tribulation,
gives us the grace to be supported by
Him who loves us and always protects us."*

***POPE FRANCIS,***
***Twitter Message, January 28, 2022***

Printed and Published by Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Jose Pollayil